"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്-ഡേ കെയർ സെന്ററിലേയ്ക്ക് കുട്ടികളെ എത്തിക്കുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തിയ ഇനത്തിൽ 1,79,000/- രൂപ ചെലവ് ചെയ്ത നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(എഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1978/2026/LSGD തീയതി,തിരുവനന്തപുരം, 23-10-2026

---

പരാമർശം:- 1. സീനിയർ ഓഡിറ്റ് ഓഫീസർ, അക്കൗണ്ടന്റ് ജനറൽ ഓഫീസ്, തിരുവനന്തപുരത്തിന്റെ 18.01.2016-ലെ എൽ.ബി.എ(എച്ച്.ക്യൂ) V/8A-2363/ 15-16/73 നമ്പർ കത്ത്.

2. പ്രിൻസിപ്പൽ ഡയറക്ടറുടെ 23.01.2026 ലെ LSGD/PD/25067/2023-AM3 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2010-11 മുതൽ 2014-15 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ ലോക്കൽ ഓഡിറ്റ് റിപ്പോർട്ടിലെ ഭാഗം II(ബി) ഖണ്ഡിക II(ii) ൽ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വേണ്ടി നടത്തുന്ന ഡേ കെയർ സെന്ററിലേയ്ക്ക് കുട്ടികളെ എത്തിക്കുന്നതിന് 2014-15 സാമ്പത്തിക വർഷത്തിൽ വാഹന വാടക ഇനത്തിൽ 1,79,000/-,(ഒരു ലക്ഷത്തി എഴുപത്തി ഒൻപതിനായിരം രൂപ) ചെലവഴിച്ച നടപടി പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദീയമല്ലാത്തതിനാൽ സർക്കാർ സാധൂകരണം ലഭ്യമാക്കണമെന്ന് പരാമർശം (1) പ്രകാരം അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിക്ക് സാധൂകരണം തേടികൊണ്ടുള്ള ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി.

2) 2014-15 സാമ്പത്തിക വർഷത്തിൽ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിൽ ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ "പ്രതീക്ഷ" എന്ന പദ്ധതിയിലൂടെ മാനസികവും ശാരീരികവുമായ വെല്ലുവിളി നേരിടുന്ന 29 കുട്ടികൾക്ക് സ്വാന്തന പരിചരണവും ഫിസിയോ തെറാപ്പിയും നൽകിയിരുന്നു. ഡേ കെയർ സെന്ററിന് സ്വന്തമായി വാഹനം ഇല്ലാത്തതിനാലാണ് കുട്ടികളെ സ്ഥാപനത്തിൽ എത്തിക്കുന്നതിനും തിരികെ കൊണ്ടുവിടുന്നതിനുമായി വാടക വാഹനം ഏർപ്പാടാക്കേണ്ടി വന്നതെന്നും 2015-16 ൽ മലപ്പുറം ജില്ലാ പഞ്ചായത്ത് ഈ സ്ഥാപനത്തിന് സ്വന്തമായി വാഹനം നൽകിയതിനാൽ തുടർന്നുള്ള വർഷങ്ങളിൽ വാടക വാഹനം ഉപയോഗിച്ചിട്ടില്ലെന്നും പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്. ഭൂരിഭാഗവും നിർദ്ധനരായ കുട്ടികൾക്ക് മാനസികമായും ശാരീരികമായും സാന്ത്വന പരിചരണവും ലഭിച്ചതിലൂടെ പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്നുള്ള ഗ്രാമപഞ്ചയത്ത് ഭരണസമിതി വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും പ്രിൻസിപ്പൽ ഡയറക്ടറും മേൽ പരാമർശം സാധൂകരിക്കാവുന്നതാണന്ന ശിപാർശ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശവും പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയും പരിഗണിച്ച് മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ ഡേ കെയർ സെന്ററിലേക്ക് എത്തിക്കുന്നതിന് വാഹനം സൗകര്യം ലഭ്യമാക്കിയതിന് 2014-15 സാമ്പത്തിക വർഷത്തിൽ 1,79,000/- രൂപ ചെലവഴിച്ച ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഇന്ദു.എസ്.

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജനറൽ & സോഷ്യൽ സെക്ടർ ഓഡിറ്റ്), തിരുവനന്തപുരം.

സെക്രട്ടറി, ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്, മലപ്പുറം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ സെക്ഷൻ പകർപ്പ്

ഉത്തരവിൻ പ്രകാരം

Digitally signed by
Jayakrishnan. K
Date: 23-10-2026
15:59:45

സെക്ഷൻ ഓഫീസർ